

## വായനാക്കുറിപ്പ്



### ഡോ. ശശികല

എച്ച്.എസ്.ടി ഹിന്ദി
ജി.വി.എച്ച്.എസ്.എസ് മടപ്പള്ളി


ടി.ഡി.രാമകൃഷ്ണൻ എന്ന എഴുത്തുകാരന്റെ പുസ്തകങ്ങളിൽ എന്നെ ഏറെ ദുഃഖത്തിലാഴ്ത്തിയ 'അന്ധർ ബധിരർ മൂകർ' എന്ന ഈ പുസ്തകത്തിൽ കാശ്മീരിജനതയുടെ ദുഃഖം മുഴുവനായി അനാവരണം ചെയ്യപ്പെട്ടിരിക്കുന്നു.ഫാത്തിമ നിലോഫർ എന്ന പത്രപ്രവർത്തകയിലൂടെ ഈ കഥ എല്ലാവരിലേക്കുമെത്തുകയാണ്. ഗുലാം റസൂൽ മുസ്തഫയുടെ അഭിപ്രായത്തിൽ ലോകത്തിൽ ഒരു നരകമുണ്ടെങ്കിൽ അത് കാശ്മീരാണ്. ഝലം നദി പോലും അവിടുത്തെ ജനങ്ങളുടെ ദുരിതം കണ്ട് തേങ്ങിക്കൊണ്ടിരിക്കുന്നു . രക്ഷയ്ക്കു വേണ്ടി അഞ്ചു നേരവും നിസ്കരിച്ച് പ്രാർത്ഥിച്ച് പ്രതീക്ഷയോടെ കാത്തിരുന്നെങ്കിലും ഇപ്പോൾ എല്ലാ പ്രതീക്ഷകളും അവസാനിച്ചിരിക്കുന്നു. 2019 ആഗസ്റ്റ് 4 ന് ആർട്ടിക്കിൾ 370 ഒഴിവാക്കിയതിനു ശേഷം താഴ്വര ഭയത്തിന്റെ കറുത്ത പുതപ്പിനാൽ മൂടപ്പെട്ടിരിക്കുന്നു. പുറം ലോകത്തെ കാണാനുള്ള കാശ്മീരി ജനതയുടെ അവകാശത്തെ സർക്കാർ നിരോധിച്ചിരിക്കുകയാണ്. സ്കൂളുകൾക്കും കോളേജുകൾക്കുമൊക്കെ അനിശ്ചിത കാലത്തേക്ക് അവധി കൊടുത്തിരിക്കുകയാണ്. കടകളൊക്കെ അപൂർവ്വമായേ തുറക്കുന്നുള്ളൂ. പള്ളികളിൽ പോവാൻ പോലും ആളുകൾക്ക് ഭയമായിരിക്കുന്നു. എല്ലായിടത്തും സൈനികരെ മാത്രമാണ് കാണുന്നത്. ഫാത്തിമ നിലോഫർ ഝലം പത്രത്തിന്റ ഓഫീസിലാണ് ജോലി ചെയ്യുന്നത്. ഭർത്താവ് മരിച്ചു പോയ ഒമർ ഖയ്യാം വാനി വിമോചനപ്പോരാളിയായിരുന്നു. കാശ്മീരിലെ പ്രശ്നങ്ങളെ തുറന്നു കാട്ടിയതിന് ഝലം പത്രത്തിന്റെ ഓഫീസ് പട്ടാളക്കാർ പൂട്ടിക്കുകയും എഡിറ്റർ ഗുലാം റസൂൽ മുസ്തഫയെന്ന ജി. ആറിനെ പിടിച്ചു കൊണ്ടുപോവുകയും ചെയ്തു. അതിർത്തി രക്ഷാ സേനയുടെ തിരച്ചിലിനിടെ ക്രൂരമായി റേപ് ചെയ്യപ്പെട്ട സ്ത്രീകളിലൊരാളായിരുന്നു ഫാത്തിമ നിലോഫറിന്റെ ഉമ്മ. ഫാത്തിമയുടെ മകൻ യാസീന്റെ കണ്ണിൽ പെല്ലറ്റ് കൊണ്ട് പരിക്കേറ്റ് വേദന കൊണ്ട് കരച്ചിലാണ്. മകളായ മെഹർ അവനെ സമാധാനിപ്പിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും സാധിക്കുന്നില്ല.

ഫാത്തിമ Kashmiri women for peace എന്ന സംഘടനയിലെ അംഗമാണ്. KWP യിലെ അംഗങ്ങളിലധികവും വിധവകളോ അർധ വിധവകളോ ആണ്. വീട്ടിനടുത്ത് കാവൽ നിന്നിരുന്ന മുസാഫിർ എന്ന പട്ടാളക്കാരൻ പറഞ്ഞതനുസരിച്ച് യാസീനെ വിദഗ്ദ ചികിത്സയ്ക്കായി ലാഹോർ ജിന്ന ഹോസ്പിറ്റലിൽ കൊണ്ടു പോകാനൊരുങ്ങുകയാണ് ഫാത്തിമ. അവിടെ എത്തിച്ചു കിട്ടിയാൽ സുഖപ്പെടുത്താമെന്ന് ഡോക്ടർ നൂർജഹാൻ ഹൈദർ ഉറപ്പ് നല്കിയിരുന്നു. സുൽത്താൻ എന്നു വിളിപ്പേരുള്ള ഒമറിന്റെ സംഘടനയിൽ പ്രവർത്തിക്കുന്ന മുസാഫിർ എന്ന യുവാവ് സംഘടനയുടെ നിർദ്ദേശ പ്രകാരം ഫാത്തിമയെയും കുടുംബത്തെയും സുരക്ഷിതമായി അതിർത്തി കടത്തി വിടാൻ തയ്യാറാവുന്നു. KWP യോട് ആലോചിച്ചെങ്കിലും അവർക്ക് ഒന്നും ചെയ്യാൻ കഴിയില്ലെന്ന് അവൾക്ക് മനസ്സിലായി. നിർണ്ണായക ഘട്ടത്തിൽ തീരുമാനമെടുക്കാൻ അവൾ ഏറെ വിഷമിച്ചു. കുറെ ആലോചിച്ച ശേഷമാണ് അവരെല്ലാവരും പോകാൻ തയ്യാറാകുന്നത്. എന്നാൽ ആ യാത്രയിൽ ഒരു പെണ്ണിനും ചിന്തിക്കാൻ പറ്റാത്ത കാര്യങ്ങളാണ് ഫാത്തിമയെ കാത്തിരുന്നത്. പട്ടാളക്കാർ കണ്ടുപിടിക്കാതിരിക്കാൻ മിലിട്ടറി ആംബുലൻസിലായിരുന്നു അവർ പുറപ്പെട്ടത്.

കറുത്ത വസ്ത്രങ്ങൾ ധരിച്ച് പണവും വിലപിടിപ്പുള്ള സാധനങ്ങളുമെല്ലാമെടുത്ത് ആ രാത്രി തന്നെ അവർ ഇറങ്ങി. ബീക്കൺ ലൈററും സൈറണും ഉള്ളതു കൊണ്ട് സുരക്ഷാ സൈനികരാരും തടഞ്ഞില്ല. പക്ഷേ എം എ റോഡിലേക്ക് കയറിയപ്പോൾ പട്ടാളക്കാരുടെ ചെക്കിംഗ് ഉണ്ടായിരുന്നു. ചെക്ക്പോസ്റ്റിലെ പട്ടാളക്കാർക്ക് രണ്ടായിരം രൂപ നോട്ട് കൊടുത്തപ്പോൾ അവരെ പോകാനനുവദിച്ചു. മറ്റൊരു ഇൻസ്പെക്ടർക്ക് 500 രൂപ കൊടുത്തപ്പോൾ മുസാഫിറിന്റെ കവിളത്ത് നല്ല അടിയായിരുന്നു മറുപടി. ഝലം നദീ തീരത്തെ ഒരു ചെറിയ വീടായിരുന്നു അവരുടെ ആദ്യത്തെ ഷെൽട്ടർ. രാത്രിയായപ്പോൾ അവിടുന്ന് ഒരു ടോംഗയിൽ യാത്ര പുറപ്പെട്ടു. ഇടയ്ക്ക് തടാകത്തിന്റെ കരയിൽ വിശ്രമിച്ച് അവർ യാത്ര തുടർന്നു. കഴിഞ്ഞു പോയ കാലത്തെ അയവിറക്കിയും വരാൻ പോകുന്ന കാലത്തെ കുറിച്ചുള്ള പ്രതീക്ഷകളും പേറിയുള്ള യാത്രയിൽ അവിചാരിതമായി സംഭവിച്ച ഉമ്മയുടെ അന്ത്യം അവളെ വല്ലാതെ തളർത്തി. പിന്നീടങ്ങോട്ട് എത്തിപ്പെട്ടത് മനസ്സിന്റെ കാഴ്ച നഷ്ടപ്പെട്ട താലിബാൻ ക്യാമ്പിലേക്കായിരുന്നു. താലിബാൻ നേതാവിനു നേരെ തോക്കുചൂണ്ടി രക്ഷപ്പെട്ടെങ്കിലും ആ യാത്ര മരണത്തിലാണവസാനിച്ചത്. പട്ടാളക്കാരനാൽ റേപ് ചെയ്യപ്പെട്ടിട്ടും മക്കളെ രക്ഷപ്പെടുത്താനുള്ള ശ്രമത്തിൽ അവൾ വെടിയേറ്റ് മരണത്തിന് കീഴടങ്ങി. അതുവരെ കൂടെയുണ്ടായിരുന്ന മുസാഫിറും പട്ടാളക്കാരുടെ വെടിയേറ്റ് വീണു. ആ സമയത്ത് യാസീനും മെഹറും തുരങ്കത്തിലൂടെ സ്വാതന്ത്ര്യത്തിലേക്ക് നടന്നടുക്കുകയായിരുന്നു.



## ദൈവശലഭങ്ങളുടെ ആത്മഹത്യാ കുറിപ്പ്

സൂചിക്കുഴലിലൂടെ
നൂൽ കടത്തുന്നതിനിടെ
വിരൽത്തുമ്പിൽ പൊടിഞ്ഞ
ചോരത്തുള്ളികളിൽ
ജീവന്റെ പിടച്ചിലുകണ്ട്
ദൈവശലഭങ്ങൾ കാവലിരുന്നു.
ചരിത്രം പടച്ചും പഠിച്ചും
അതിരുകൾ ഭേദിച്ച്
ഒച്ചയില്ലാത്ത നിലവിളികൾ
ഒലിച്ചിറങ്ങുന്നു!!!
വിശപ്പ് തിന്ന്
കരിഞ്ഞുണങ്ങിപ്പോയ കുഞ്ഞ്
ശവക്കൂനകൾക്കിടയിൽ
കളഞ്ഞുപോയ പീപ്പി തിരയുന്നു!
എനിക്കെന്റെ പാവ.....
എനിക്കെന്റെ തൊട്ടിൽ......
പാൽക്കുപ്പി ,വളപ്പൊട്ട്.....
കല്ലുപെൻസിലിൻ കൂടിനുള്ളിൽ
ഒളിച്ചുവെച്ച സ്വപ്നങ്ങൾ
നിലവിളിച്ചുപായുന്നു.....
നോക്കുകുത്തിപ്പാവ പോലെ
ദൈവശലഭങ്ങൾ.....

എനിക്കെന്റെ കാലുകൾ
തിരികെ വേണമെന്ന്
കേഴുന്ന കുഞ്ഞിനുമേൽ
ആകാശം അണപൊട്ടിയൊഴുകി.
കറയും മണവും വറ്റാതെ
മണ്ണിലലിയാൻ മടിച്ച്
ചോരത്തുള്ളികൾ...
പുറം കാഴ്ചകളുടെ
ചൂടേറ്റ് പുകഞ്ഞ കണ്ണുകൾ
ഇറുകെയടച്ച്,
നെഞ്ചിൻ കൂട്
തകരുമെന്നുറപ്പായപ്പോൾ
ഇരുചിറകുകളുമറുത്ത്
ദൈവശലഭങ്ങൾ
ആത്മഹത്യചെയ്തു!!!
ആത്മഹത്യാ കുറിപ്പിൽ
അവരിങ്ങനെയെഴുതി;
നിലാവു വറ്റിയ തടാകക്കരയിൽ
മരിച്ചുപോയ സ്വപ്നങ്ങൾക്ക്
കാവലിരുന്നു മടുത്തു....
വാതിലുകൾ അടഞ്ഞുകിടപ്പാണ്....
കുത്തിത്തുറക്കുക....
കടന്നുവന്ന് പുണർന്ന് പോവുക....
അലിവുറയുന്ന മനുഷ്യനായ്
പുനർജനിക്കും വരെ
മിച്ച സ്വപ്നങ്ങൾക്ക്
കാവലാളാവുക

**അനിവേദ എ ആർ**
**ഹയർസെക്കണ്ടറി വിഭാഗം**

## തടവറ

ഛിൽ..ഛിൽ..അണ്ണാൻെ ശബ്ദം കേട്ട് ഞാൻ ജനലിലൂടെ പുറത്തേക്ക് നോക്കി. നമ്മുടെ തടിയൻ അണ്ണാനാണ്. അവൻ മാവിൻ കൊമ്പിലിരുന്ന് അകത്തേക്ക് നോക്കി ചിലക്കുകയാണ്.കുറച്ച് ദിവസമായി എൻെ പ്രകൃതിനിരീക്ഷണത്തിൽ സ്ഥിരം പുള്ളിയാണവൻ. മിക്കവാറും ദിവസം അവനെ അവിടെ കാണാം. ഇവനെ കണ്ടപ്പോഴാണ് എൻെ ചിക്കു അണ്ണാൻെ കാര്യം എനിക്ക് ഓർമ്മ വന്നത്. താഴെ അടുക്കളയിൽ പാചകം ചെയ്തുകൊണ്ടിരിക്കുന്ന അമ്മയെ വിളിച്ച് ഞാൻ ചോദിച്ചു ."അമ്മേ ....ഇന്ന് ചിക്കുവിന് പഴം കൊടുത്തോ?" മറുപടിയൊന്നും ഉണ്ടായില്ല. ഞാൻ വിളിച്ചത് അമ്മ കേട്ടില്ലെന്ന് തോന്നുന്നു. അല്ലെങ്കിലും മുകളിലത്തെ മുറിയിൽ നിന്ന് വിളിച്ചാൽ താഴെ കേൾക്കാൻ പാടാണ്. ഇന്നേക്ക് ഏകദേശം 10 ദിവസമായെന്ന് തോന്നുന്നു, ഞങ്ങൾ ക്വാറന്റീനിൽ നിൽക്കാൻ തുടങ്ങിയിട്ട്. ഇന്നലെ രാവിലെ അമ്മയുടെ കൂടെ ടെസ്റ്റ് ചെയ്യാൻപോയിരുന്നു. റിസൾട്ട് ഇന്ന് വരുമെന്നാണ് തോന്നുന്നത്. അച്ഛൻ പച്ചക്കറി വാങ്ങാൻ പോയപ്പോൾ കടക്കാരൻ കുറച്ച് കൊറോണയും കൊടുത്തതാണെന്ന് തോന്നുന്നു. അച്ഛന് പോസിറ്റീവായി അച്ഛനെ ആരോഗ്യകേന്ദ്രത്തിലെക്ക് കൊണ്ടുപോയിരിക്കുകയാണ്. അതോടെ ഞാനും അമ്മും ക്വാറന്റീനിൽ വിട്ടിൽ തനിച്ചായി.അല്ലെങ്കിലേ കഴിഞ്ഞ അഞ്ചാറുമാസമായി പുറത്തെവിടെയും പോകാനും കളിക്കാനും പറ്റാതെ ആകെ മടുത്തിരിക്കുകയായിരുന്നു. അതിന്റെ കൂടെ ഇതും കൂടെ ആയപ്പോൾ ശരിക്കും തടവറയായി. ഇതൊക്കെ ഒന്ന് മാറിയിട്ട് വേണം പുറത്തേക്കൊക്കെ ഇറങ്ങി ഒരു വിലസു വിലസാൻ! സൈക്കിളെടുത്ത് കൂട്ടുകാരോടൊത്ത് കളിക്കുവാനും കറങ്ങുവാനും ഒക്കെ ഇപ്പോൾ

വലിയ ആഗ്രഹം തോന്നുന്നു. 10 ദിവസം അകത്ത് തന്നെയിരുന്ന് തള്ളിനിക്കിയതിന്റെ വിഷമം എനിക്കേ അറിയൂ... ഇങ്ങനെ അലോചിച്ചിരിക്കുന്നതിനിടെയിലാണ്,പെട്ടന്ന് രണ്ട് കാക്കകൾ മാവിൽ വന്നിരുന്നത് പേടിച്ചിട്ടുണെന്ന തോന്നുന്നു, തടയനണ്ണാൻ ഓടി അപ്പുറത്തെ പറമ്പിലെ മാവിലേക്ക് ചാടി അപ്രത്യക്ഷനായി. അവനെയിനി നാളെ രാവിലെ നോക്കിയാൽ മതി. ഇവൻ ചിക്കുവിന്റെ കൂട്ടുകാരനാണോയെന്നാണ് എന്റെ സംശയം. എന്നും ഇവിടെ വന്ന് ഇരിക്കാറുണ്ട്. ഈ സമയമാണ് അമ്മ തിടുക്കത്തിൽ പടികൾ കയറി വരുന്ന ശബ്ദം ഞാൻ കേട്ടത്. വാതിൽക്കൽ എത്തിയ അമ്മയുടെ മുഖത്ത് എന്തെന്നില്ലാത്ത സന്തോഷം എടുത്തുകാണാമായിരുന്ന "മോനേ അറിഞ്ഞോ...നമ്മുടെ റിസൾട്ട് നെഗറ്റിവാ... ആശാവർക്കർ വിളിച്ചിരുന്നു. അച്ഛനെ വിളിച്ച് പറയണം ഞാൻ തായോട്ട് പോയിട്ടുവരാം". അമ്മപറഞ്ഞത് കേട്ടപ്പോൾ വലിയ സന്തോഷമായി. ഞാൻ പെട്ടെന്ന് തന്നെ ഒടിതാഴെയിറങ്ങി വാരാന്തയിൽചെന്നു. നല്ല കാറ്റ്,മുറ്റത്ത് കറുമ്പിപ്പൂച്ച മറ്റൊരു പൂച്ചയുമായി ഉലാത്തുന്നു. ഹോ,പെട്ടെന്നാണ് എനിക്ക് ചിക്കുവിന്റെ കാര്യം ഓർമ്മവന്നത്. ഞാൻ ഓടി ആ സമയം അവൻ കൂടിൽനന്നും പുറത്തേക്ക് തലയിട്ട് കിടക്കുകയായിരുന്നു. പഴം പകുതി കഴിച്ചിട്ടുണ്ട്. അവന്റെ ഇരിപ്പ് കണ്ടപ്പോൾ എനിക്കാകെ സങ്കടമായി. എന്നെ കാണാഞ്ഞതുകൊണ്ടായിരിക്കും. കുറച്ച് ദിവസം ക്വറന്റീനിൽ ഇരുന്നപ്പോൾ തന്നെ എനിക്ക് വല്ലാതെ മടുത്തിരുന്നു. അപ്പോൾ ഇവന്റെ കാര്യം പറയണോ. എത്രയോ കാലമായി കൂട്ടിൽ തന്നെ കിടക്കുന്ന പാവം! ഞാൻ വേഗം അമ്മയുടെ അടുക്കലേക്ക് ഓടി ചെന്നു. “അമ്മേ നമ്മുടെ ചിക്കുവിനെ ഞാൻ തുറന്ന് വിടാൻ പോവുകയാണ്. അവൻ അവൻെ കൂട്ടുകാരൻ തടിയനണ്ണാനൊപ്പം പോയി കളിക്കട്ടെ. അവനെത്ര സന്തോഷമായിരിക്കും. "ഈ തടവറയിൽ കിടന്ന് അവന് മടുത്ത് കാണും”. ഒരു നിമിഷം എന്തോ ആലോചിച്ച ശേഷം അമ്മ പറഞ്ഞു ,നിൻെറയിഷ്ടം അങ്ങനെയണെങ്കിൽ നടക്കട്ടെ ,അതല്ലെ നല്ലത് ” ആ മറുപടി എന്നെ വളരെ സന്തോഷിപ്പിച്ചു. ഞാൻ ഒടിച്ചെന്ന് കൂട് തുറന്ന് ചിക്കുവിനെ കയ്യിലെടുത്തു. എൻെറ പുറകിലും തലയിലും കയറി സന്തോഷം പ്രകടിപ്പിച്ചതിനുശേഷം അവനെ മെല്ലെ വരാന്തയിൽ ഇറങ്ങി മുറ്റത്തേക്ക് പോയി അവസാനമായി എന്നെയൊന്നു നോക്കിയതിനു ശേഷം മാവിൽ കയറി ഓടിച്ചാടി കളിച്ച് അവസാനം അവൻ അപ്രത്യക്ഷമായി. ഞാനത് സന്തോഷത്തോടെ നോക്കിനിന്നു. എന്നെ കാണാൻ വല്ലപ്പോഴും അവൻ വരുമായിരിക്കും എന്ന പ്രതീക്ഷയോടെ കുറച്ച് നേരം അങ്ങ് വിദൂരതയിലേക്ക് കണ്ണും നട്ട് ഞാൻ അങ്ങനെ നിന്നു.

ആൽവിൻ ജെ എസ്
8.A

## എന്റെ ദുഖം

മനസിലെ ദുഖങ്ങൾ ഉരുണ്ടു കിടക്കുമ്പോൾ
ഞാനെന്റെ കണ്ണുകൾ മുകളിലേക്കുയർത്തി
ആകാശത്തിലേക്ക് നോക്കും
അതിൽ നിറയെ ഗോതമ്പ്
വിതറിയതുപോലെ
വെള്ളക്കുത്തുകൾ
അവ എന്നെ നോക്കി ശാo്യം പിടിക്കും
അതിലെന്റെ ദുഖങ്ങൾ അലിഞ്ഞു പോകും

മിസ്ബാഹ്
8A

## തോറ്റുമടക്കം

പറയാനാകാതെ
തൊണ്ടക്കുഴലിൻ
കുരുങ്ങിപ്പോയ
മുറിവേറ്റ വാക്കുകളുടെ
നിർത്താതെയുള്ള
പൊട്ടിച്ചിരിയിൽ
ഞാൻ തോറ്റുമടങ്ങുന്നു !!

ജഹനാര എസ് എച്ച്
(8A)

## അന്ധത

പകയുടെ കല്ല് കൊണ്ടാൽ
ചോർന്ന് പോകുമെന്നറിഞ്ഞിട്ടും
എന്തിനാണ് നീ എന്റെ പാത്രത്തിൽ
സ്നേഹം നിറച്ചത്?
അന്ധയായ എനിക്ക് മഴവില്ലിനെ
കാട്ടിത്തന്നതെന്തിന്?
പൊട്ടിയ സ്ഫടികപാത്രം പോലെയായ
എന്റെ മനസിന്റെ തന്മാത്രകൾ
കൂടിച്ചേരാനാകാത്ത വിധം
'ആറ്റ'ങ്ങളായി തീർന്നിരിക്കുന്നു!
കാത്തിരിപ്പിന്റെ അനന്തയാമങ്ങളിൽ
ഏകയാക്കുന്നതിന് പകരം
കൊന്നുതരാമായിരുന്നു എന്നെ....
കാറ്റിന്കുളിരാണെന്ന് പറഞ്ഞ്
നീ എന്നെ കബളിപ്പിച്ചു,
നിന്റെ കാറ്റ് എന്റെയുള്ളിൽ
മണൽ നിറക്കുകയാണുണ്ടായത്.
സ്നേഹമില്ലാത്ത ശൂന്യതയിൽ
ഞാനിതാ വീണ്ടും
അന്ധയായിരിക്കുന്നു!!

ജഹനാര.എസ്.എച്ച് (8A)
ജി.വി.എച്ച്.എസ്.എസ്.മടപ്പള്ളി.

## എൻെറ മഴ

എന്നിലെ വിരഹത്തെ
അലിയിച്ചുകളയാൻ പെയ്ത മഴ
എൻെറ സങ്കടങ്ങളും സന്തോഷങ്ങളും
ഒരുപോലെ കണ്ട മഴ
തോരാത്ത എൻ കണ്ണീരായ്
മണ്ണിലലിഞ്ഞ മഴ
വേനലിൽ വരണ്ടുണങ്ങിയ
എൻ ഹൃദന്തത്തെ
മാറോടണച്ച് പുണർന്ന മഴ
സങ്കടച്ചൂടാൽ ചുട്ടുപൊള്ളുന്ന
എന്നിൽ കുളിര് പകരാൻ വന്ന മഴ
എന്നിലെ കൊച്ചു കൊച്ചു
സന്തോഷങ്ങൾക്ക് താളം പകർന്ന്
ആനന്ദമാറാടിയ മഴ
സ്നേഹം നിറഞ്ഞ ഓരോ തുള്ളിയും
നുകരാൻ വേഴാമ്പലായി
വേനലിൻ വഴിയിൽ കാത്തിരിക്കുന്നു ഞാൻ

ഋതുപർണ
9A

# വിശ്വാസം

വെളിച്ചം തിരികെത്തരാമെന്ന
രാത്രിതൻ വാക്കിനെ
വിശ്വാസമാണെന്നും പകലിന്.
തനിക്ക താങ്ങായ് നിൽക്കുമൊരു
നേർത്തൊരീ തണ്ടിനെ
വിശ്വാസമാണെന്നും
പൂവിതളിന്.
ജീവനായ് ചേർന്നൊരു
സുന്ദര പ്രണയകാവ്യത്തെ
വിശ്വാസമാണെന്നും
മനസ്സിന്.
വേരിനെ പൊതിയുമീ -
അരിയ മൺതരികളെ
മരങ്ങൾക്ക്.
തന്നിലേക്കലിയാൻ
മാത്രമൊഴുകും
പുഴകളെ
വിശ്വാസമാണെന്നും
കടലിന്.

വീണ്ടും വരാമെന്ന്
ചൊല്ലിപ്പിരിഞ്ഞടരും
മഴത്തുള്ളിയെ
വിശ്വാസമാണെന്നും
ശ്യാമമേഘത്തിന്.
വിശ്വാസമില്ലാത്തതൊന്നും
മാത്രമീയുലകിൽ
പ്രകൃതിയെൻ
ജീവതാളമെന്നോതി
ഭൂമിതൻ ഹൃദയം തുറക്കും
മനുജനെ.

ബിന്ദു സുരേന്ദ്രൻ
ഹരിതം
കൊറ്റം വെള്ളി
ജി വി എച്ച് എസ് എസ് മടപ്പള്ളി

# വഴി

കരിയിലകൾ നിറഞ്ഞ ചെറു വഴിയിലൂടെ തന്റെ സൈക്കിളും ഉന്തി വരുകയായിരുന്നു പാൽക്കാരനായ മാധവൻ. പാക്ഷികൾ കൂടണയാനായി തിടുക്കത്തിൽ ആകശത്താലൂടെ പാറി നടക്കുന്നു. പെട്ടെന്നു എവിടെ നിന്നോ ഒരു \തേങ്ങിക്കരച്ചിൽ മാധവൻ കേട്ടു. അത് കുറച്ചകലയായി ഒരു ആൽമരത്തിന്റെ ചുവട്ടിൽ നിന്നായിരുന്നു. മാധവൻ അവിടേക്ക് നടന്നു നീങ്ങി. ഒരു കൊച്ചു പയ്യൻ പതിഞ്ഞ സ്വരത്തിൽ കരയുകയായിരുന്നു. മാധവൻ അവന്റെയടുത്ത് ചെന്ന് കാര്യം തിരക്കി.അവൻ വിക്കി വിക്കി എന്ന് പറഞ്ഞു "എന്റെ അമ്മയും അച്ഛനും ഞാൻ ജനിച്ച് രണ്ട് വർഷം കഴിഞ്ഞപ്പോഴേക്കും എന്നെ വിട്ട് പോയി. പിന്നീട് എന്നെ നോക്കിയിരുന്നത്എന്റെ മുത്തശ്ശിയായിരുന്നു. ഞങ്ങളുടെ ബന്ധുക്കളാരും എന്നെയോ മുത്തശ്ശിയെയോ തിരിഞ്ഞുനോക്കിയില്ല. മുത്തശ്ശിയുടെ സ്വത്തൊക്കെ കൈകലാക്കി അവർ ഞങ്ങളെ ഇറക്കിട്ടു. എന്നാൽ ഇപ്പോൾ എന്റെ മുത്തശ്ശിയും എന്നെ വിട്ട് പോയി. എനിക്കെനി സ്നേഹിക്കാനും, എന്നെ സ്നേഹിക്കാനും ആരുമില്ല. ഞാൻ ഒറ്റക്കായി.ഞാൻ എനി എന്ത് ചെയ്യും? അവന്റെ സങ്കടം കണ്ട് അവനെ അവിടെ ഇട്ടിട്ട് പോരാൻ മാധവന്റെ മനസ്സ് അനുവദിച്ചില്ല. ഉറ്റവരും ഉടയവരും ഇല്ലാതിരുന്ന മാധവന് അവൻ മകനായി വളർന്നു.തന്റെ കയ്യിലെ മുഴുവൻ പൈസയും ഉപയോഗിച്ച് മാധവൻ അവനെ പഠിപ്പിച്ച് വലുതാക്കി. ഒടുവിൽ അവൻ ഒരു ഡോക്ടറായി മാറി.പാവങ്ങൾക്ക് പൈസയില്ലാതെ ചികിൽത്സിക്കുകയും വളരെ കരുണയോടെ പെരുമാറുകയും ചെയ്തിരുന്ന അവൻ ഒടുവിൽ വളരെ പ്രശസ്തനായ ഒരു ഡോക്ടറായി മാറുകയും ചെയ്തു.അവന്റെ മരിച്ചുപോയ മാതാപിതാക്കൾക്കും മുത്തശിക്കും അവനെ സംരക്ഷിച്ച മാധവനും കൊടുക്കാൻ പറ്റിയ വലിയ സമ്മാനം തന്നെ ഇറക്കിവിട്ട ആ ബന്ധുക്കൾക്കുള്ള അപ്രതീക്ഷിത തിരിച്ചടിയുമായിരുന്നു.

ഒടുവിൽ കുടി അവൻ അവന്റെ പഴയ ആൽമരച്ചുവട്ടിലേക്ക് പോയി. പഴയ ഓർമ്മകൾ വീണ്ടെടുക്കാൻ. അവിടെ നിന്ന് അവൻ മനസ്സ് തുറന്ന് ഒന്ന് കരഞ്ഞു. ആ പ്രകൃതി മുഴുവൻ ആ കരച്ചിലിന് സാക്ഷിയായി. കണ്ണീർ തുടച്ച് അവൻ പതിയെ എഴുന്നെറ്റു. അച്ഛനെയും അമ്മയെയു മുത്തശിയെയും അടക്കം ചെയ്തിരുന്ന സ്ഥലത്തേക്ക് അവൻ നടന്നു. വിരിഞ്ഞു നിൽക്കുന്ന ഒരൊ പൂക്കളും അവനെ നോക്കി പുഞ്ചിരിച്ചു. കാറ്റിൽ ഇലക്കൾ അവനായി സംഗീതം പൊഴിച്ചു. മന്ദമാരുതൻ അവനെ കവിളിൽ തലോടി മാഞ്ഞുപോയി....



Bharath Scouts & Guides - Rajyapuraskar Award winner

അലീന ആർ



2023 റവന്യൂ ജില്ലാ കരാട്ടെ ചാമ്പ്യൻഷിപ്പിൽ 32kg വിഭാഗത്തിൻ (സീനിയർ ) ഗോൾഡ് മെഡൽ നേടി സംസ്ഥാനതലത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട

അലീന വി ടി



2023 സംസ്ഥാന സ്കൂൾ കബഡി ചാമ്പ്യൻഷിപ്പിൽ ( ജൂനിയർ പെൺകുട്ടികളുടെ ) ഒന്നാം സ്ഥാനം നേടിയ ജില്ലാ ടീം അംഗം

നിതാര വി കെ



Participated in the 23 rd State camporee 2023 held at GRHSS Kottakkal, Malappuram from 27/12/2023 to 31/12/2023 organized by Bharat Scouts & Guides

മാനസ് പി

